**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 541

09.07.2012 ൽ
മറുപടിയ്ക്ക്

**പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള നിയമഭേദഗതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.വർക്കല കഹാർ | ശ്രീ.അടൂർ പ്രകാശ്<br>(ബഹു.റവന്യു വകുപ്പ് മന്ത്രി) |
| എ) പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് നിയമഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | എ) ഉണ്ട്. 2.6.2012 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതിയ്ക്കുള്ള നിർദ്ദേശം സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും ഏതെല്ലാം മരങ്ങളാണ് മുറിച്ച് മാറ്റാവുന്നതെന്നും വ്യക്തമാക്കുമോ; | ബി) പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള വ്യവസ്ഥകൾ ബന്ധപ്പെട്ട ഭൂമിപതിവ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. പട്ടയ ഭൂമിയിൽ നിൽക്കുന്ന ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളും മുറിച്ചു മാറ്റുവാൻ പട്ടയക്കാരനു അനുവാദം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ തേക്ക്, ഈട്ടി, എബണി എന്നീ മരങ്ങൾ മുറിക്കുന്നതിനു മുമ്പായി വനം വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്. കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരം ചട്ടം 10(3) ൽ പാർട്ട് 'എ' യിൽ വിവരിക്കുന്ന 57 മരങ്ങളും പാർട്ട് (ബി) യിൽ വിവരിക്കുന്ന 11 മരങ്ങളും പട്ടയ കക്ഷിക്ക് മരവില അടച്ച് മുറിച്ച് നീക്കാവുന്നതാണ്. എന്നാൽ തേക്ക്, എബണി, ചന്ദനം, കരിന്താളി എന്ന നാല് ഇനം മരങ്ങൾ സംരക്ഷിക്കാൻ പട്ടയം ലഭിച്ച വ്യക്തി ബാദ്ധ്യസ്ഥനാണ്. |
| സി) എന്ന് മുതൽക്കാണ് പട്ടയം ലഭിച്ച ഭൂമിയിൽ പ്രസ്തുത നിയമം പ്രയോഗത്തിൽ വരുന്നതെന്ന് വെളിപ്പെടുത്തുമോ? | സി) ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. അതു പൂർത്തിയാകുന്ന മുറയ്ക്ക് അവ പ്രാബല്യത്തിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ